## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. റ്റി.2018 7/07/2015-ൽ മറുപടിക്ക്
# അങ്കമാലി നിയോജക മണ്ഡലത്തിൽ കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോസ് തെറ്റയിൽ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലും നഗര സഭയിലുമായി എത്രപേർക്ക് കാർഷി കാവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ നല്കിയിട്ടുണ്ടെന്നും അതിൽ എത്ര കണക്ഷൻ നിലനില്ക്കു ന്നുവെന്നും പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(എ) കാർഷിക ആവശ്യങ്ങൾക്ക് 4404 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതിൽ 4362 വൈദ്യുതി കണക്ഷനുകൾ നില നിൽക്കുന്നു. നിലനിൽക്കുന്ന കണക്ഷനു കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത്/ നഗരസഭ | എണ്ണം |
|---|---|---|
| 1 | മലയാറ്റൂർ പഞ്ചായത്ത് | 459 |
| 2 | തുറവൂർ പഞ്ചായത്ത് | 523 |
| 3 | കാലടി പഞ്ചായത്ത് | 555 |
| 4 | മഞ്ഞപ്ര പഞ്ചായത്ത് | 238 |
| 5 | അയ്യമ്പുഴ പഞ്ചായത്ത് | 1 |
| 6 | കറുകുറ്റി പഞ്ചായത്ത് | 816 |
| 7 | പാറക്കടവ് പഞ്ചായത്ത് | 1021 |
| 8 | മൂക്കന്നൂർ പഞ്ചായത്ത് | 619 |
| 9 | നെടുമ്പാശ്ശേരി പഞ്ചായത്ത് | 42 |
| 10 | അങ്കമാലി നഗരസഭ | 88 |
| | **ആകെ** | **4362** |

(. . . . 2)

| | |
|---|---|
| (ബി) കൃഷി ആവശ്യത്തിന് വൈദ്യുതി കണക്ഷൻ ലഭിച്ചവരിൽ എത്രപേർ നിലവിൽ കൃഷി ചെയ്യുന്നുവെന്നും ഇവരിൽ എത്രപേർക്ക് നിലവിൽ നിശ്ചിത അളവ് കൃഷിഭൂമിയുണ്ടെന്നും പറയാമോ; | (ബി) കൃഷി ആവശ്യത്തിനു വൈദ്യുതി കണക്ഷൻ എടുത്തിട്ടുള്ള 4362 പേരിൽ ആരും തന്നെ വൈദ്യുതി ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിശ്ചിത കൃഷിഭൂമി ഉള്ളവർക്കു മാത്രമാണ് കാർഷിക വൈദ്യുതകണക്ഷൻ അനുവദിക്കുന്നത്. |
| (സി) കാർഷികാവശ്യത്തിന് വൈദ്യുതി കണക്ഷൻ അനുവദിച്ച കേസുകളിൽ സർക്കാർ വൈദ്യുതി ബോർഡിന് നൽകേണ്ട തുക കുടിശ്ശികയുണ്ടോ; | (സി) ഉണ്ട്. |
| (ഡി) ഉണ്ടെങ്കിൽ അങ്കമാലിയിലെ ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നല്കിയ ഇനത്തിൽ സർക്കാർ കെ.എസ്.ഇ.ബി.ക്ക് നല്കേണ്ട കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കാമോ? | (ഡി) അങ്കമാലിയിലെ ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകിയ ഇനത്തിൽ 40,22,000/- രൂപ സർക്കാർ കെ.എസ്.ഇ.ബി. ക്ക് നൽകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ